പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1340 | 02.05.2017-ലെ മറുപടി നല്കേണ്ടിയിരുന്നത്

## കെ.എസ്.ആർ.ടി.സി.റിസർവ് കണ്ടക്ടർ തസ്തികയിലെ ഒഴിവുകൾ

ചോദ്യം
ശ്രീ. എ. എൻ. ഷംസീർ

ഉത്തരം
തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി റിസർവ് കണ്ടക്ടർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളത് ; | (എ) | ഒഴിവുകളുടെ എണ്ണം നിർണയിച്ചിട്ടില്ല. ജീവനക്കാരെ പുന:നിർണ്ണയിക്കുന്നത് ഉൾപ്പെടെയുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ IIM ലെ ധനകാര്യ വിദഗ്ധനായ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ നിയോഗിച്ചിരിക്കുകയാണ് ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി മാത്രമേ കെ.എസ്.ആർ.ടി.സിയിലെ ഒഴിവുകളുടെ എണ്ണം നിർണ്ണയിക്കാൻ കെ.എസ്.ആർ.ടി.സിക്ക് കഴിയുകയുള്ളൂ. |
| (ബി) | കെ.എസ്.ആർ.ടി.സി റിസർവ് കണ്ടക്ടർ തസ്തികയിൽ നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാത്തവരായി എത്ര പേരാണുള്ളത് എന്നറിയിക്കാമോ ? | (ബി) | കെ.എസ്.ആർ.ടി.സി റിസർവ് കണ്ടക്ടർ തസ്തികയിൽ നിയമന ഉത്തരവ് നൽകിയിട്ടും 4030 പേർ ജോലിയിൽ പ്രവേശിക്കാത്തവരായി ഉണ്ട്. ടി NJD കൾ നിലവിൽ ഉണ്ടായിട്ടുള്ളത് കെ.എസ്.ആർ.ടി.സിയിലെ യഥാർത്ഥ ഒഴിവുകളായ 3808 ന് പകരം 9300 ഉദ്യോഗാർത്ഥികൾക്ക് കെ.പി.എസ്.സി നിയമന ശിപാർശ നൽകിയത് കൊണ്ടാണ്. യഥാർത്ഥ ഒഴിവുകളായ 3808 തസ്തികയിൽ മാത്രം നിയമന ശിപാർശ അറിയിച്ചാൽ മതിയെന്ന് സർക്കാരും പി.എസ്.സിയോട് അഭ്യർത്ഥിച്ചിരുന്നു. ഒഴിവുകൾ തെറ്റായി റിപ്പോർട്ട് ചെയ്തുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് പി.എസ്.സിയും കെ.എസ്.ആർ. ടി.സിയും തമ്മിലുള്ള അഭിപ്രായ വ്യത്യാസം പരിഹരിക്കുന്നതിന് 1970 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആക്ടിലെ 3-ാം വകുപ്പിലെ 3-ാം ഉപവകുപ്പ് പ്രകാര മുള്ള സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗപ്പെടുത്തണമെന്ന് ചൂണ്ടിക്കാട്ടി കെ.എസ്.ആർ.ടി.സി സർക്കാരിലേയ്ക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തി ലാണ് സർക്കാർ പി.എസ്.സിയോട് പ്രസ്തുത അഭ്യർത്ഥന നടത്തിയത്. യഥാർത്ഥ ഒഴിവുകളായ 3808 ഒഴിവുകളിലേയ്ക്ക് ഓരോ നിയമനഘട്ടത്തിലേയും NJD ഒഴിവുകൾ, 2013-2015 കാലഘട്ടത്തിലെ പ്രതീക്ഷിത ഒഴിവുകൾ, ടി കാലയളവിലെ സർവ്വീസ് വർദ്ധനവിന് ആനുപാതികമായി ഉണ്ടായ ഒഴിവുകൾ എന്നിവയെല്ലാം തിട്ടപ്പെടുത്തി, പ്രസ്തുത റാങ്ക് പട്ടികയിലെ 9300 പേർക്കും കെ.എസ്.ആർ.ടി.സി നിയമനം അനുവദിച്ചി ട്ടുണ്ട്. മാത്രമല്ല ഓരോ നിയമന ഘട്ടത്തി ലേയും NJD ഒഴിവുകൾ പ്രസ്തുത എണ്ണത്തിന് പകരമായി നിയമന ശുപാർശ നൽകേണ്ട തില്ല എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി പി.എസ്.സിയിൽ യഥാസമയം റിപ്പോർട്ടും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**